കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല - മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് -2008-09, 2009-10, 2010-11 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.8 സാധൂകരണ അപേക്ഷ നിരസിച്ചു കൊണ്ടും, ഖണ്ഡിക 3.12, ഖണ്ഡിക 3.13 എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 228/2016/തസ്വഭവ. തിരുവനന്തപുരം,തീയതി.21/01/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 03/12/2014-ലെ എം3-43999/14 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24/07/2015-ലെ LF/576/PT2/2015-ാം നമ്പർ കത്ത്.

## **<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2008-09, 2009-10, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8 പ്രകാരം 'കന്നുകുട്ടി പരിപാലന പദ്ധതി-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി' സബ്സിഡി അടവാക്കിയത് സംബന്ധിച്ച് എന്ന ഓഡിറ്റ് പരാമർശ പ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 1,80,000/-രൂപ, 2008-09, 2009-10, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ നടത്തിപ്പമായി മാത്രമേ ഉപയോഗിക്കാവൂ എന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി തനത് ആസ്തികളുടെ നടത്തിപ്പിന് ഉപയോഗിച്ച 4,71,658/-രൂപ, 2008-09, 2008-09, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് എന്ന പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിച്ച 91,250/-രൂപ എന്നിവയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2008-2009 ,2009-20010,2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-8 പ്രകാരം ചെലവഴിച്ച 1,80,000/- രൂപ 2008-2009 ,2009-20010,2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-12 പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 4,71,658/- രൂപ 2008-2009, 2009-20010, 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-13 പ്രകാരം ചെലവഴിച്ച 91,250/- രൂപയുടെ ചെലവിന് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി

കൂടുതൽ സബ്സിഡി അടവാക്കിയത് സാധൂകരിക്കാനാവില്ല. ആയതിനാൽ 2008-09, 2009-10, 2010-11 വർഷത്തെ ഖണ്ഡിക 3.8 പ്രകാരം അധികം ചെലവഴിച്ച 1,80,000/- (ഒരു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപയുടെ സാധൂകരണ അപേക്ഷ നിരസിച്ചു കൊണ്ടും. ഖണ്ഡിക 3.12 പ്രകാരം ചെലവഴിച്ച 4,71,658/- (നാല് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി അറന്നൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) രൂപയുടെ തുല്യ തുക തനത് ഫണ്ടിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ/അംഗനവാടികളുടെ നവീകരണത്തിനായി ചെലവഴിക്കണമെന്ന നിബന്ധനയിലും,ഭാവിയിൽ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ/അംഗനവാടികളുടെ നടത്തിപ്പിനായി മാത്രമേ മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാവൂ എന്ന നിബന്ധനയിലും ഖണ്ഡിക 3.12 പ്രകാരം ചെലവഴിച്ച 4,71,658/- (നാല് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി അറന്നൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) രൂപയും . ഖണ്ഡിക 3.13 പ്രകാരം ചെലവഴിച്ച 91,250/- (തൊണ്ണൂറ്റിയൊന്നായിരത്തി ഇരുനൂറ്റിയമ്പത് രൂപ മാത്രം) രൂപയും സർക്കാർ സാധൂകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.ആർ.പഴനിച്ചാമി,
ഡെപ്യൂട്ടിസെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പാലക്കാട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,പാലക്കാട്
ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ,പാലക്കാട്
സെക്രട്ടറി, മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ